പ്പെടുകയും ചെയ്തിട്ടുണ്ട്. 2000 സെപ്തംബർ 14ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി ഡൽഹിയിൽ വിളിച്ചുചേർത്ത സമ്മേളനത്തിലും കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. നാളികേരം, അടയ്ക്ക, കാപ്പി എന്നിവയ്ക്ക് താങ്ങു വില ഏർപ്പെടുത്തണമെന്നും റബറിന്റെ ബഞ്ചു മാർക്കുവില ഉയർത്തണ മെന്നും ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി തീരുവ 300 ശതമാനമായി വർദ്ധിപ്പി ക്കണമെന്നും പിണ്ണാക്ക്, തവിട് തുടങ്ങിയ എണ്ണ കലർന്ന പദാർത്ഥങ്ങളുടെ ഇറക്കുമതി തടയണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

അബ്കാരി കേസുകൾ നടത്തുവാൻ പ്രത്യേക കോടതി

29 (*89) ശ്രീ. കെ. സുധാകരൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കേസുകൾ നടത്തുവാൻ പ്രത്യേക കോടതികൾക്ക് രൂപം നൽകുവാൻ ഉദ്ദേശ്യമുണ്ടായിരുന്നുവോ;

(ബി) ഇത്തരം എത്ര കോടതികൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കു ന്നത്;

(സി) ഇതുവരെ എത്ര പ്രത്യേക കോടതികൾ ഇതിനായി രൂപീക രിച്ചു;

(ഡി) ബാക്കി കോടതികൾ എന്നേയ്ക്ക് രൂപീകരിക്കും?

ധനകാര്യമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) അബ്കാരി കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുന്നതിനാൽ പ്രത്യേക കോടതികൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്;

(ബി)-(ഡി) ഹൈക്കോടതിയിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് എവിടെയൊക്കെ പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന കാര്യം തീരുമാനിക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങളുടെ അവധി വ്യാപാരത്തിനായി ദേശീയ ഉൽപ്പന്ന എക്സ്ചേഞ്ച്

30 (*90) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാർഷികോൽപ്പന്നങ്ങളുടെ അവധി വ്യാപാരത്തിനായി ദേശീയ ഉൽപ്പന്ന എക്സ്ചേഞ്ച് ആരംഭിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത എക്സ്ചേഞ്ച് നിലവിൽ വരുമ്പോൾ കുരുമുളകിന്റെ അവധി വ്യാപാരം നടത്തുന്ന കൊച്ചിക്ക് അതിന്റെ സ്ഥാനം നഷ്ടപ്പെ ടാനിടയുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദവിവരം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. വിശദാംശങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly